(ബി) ഏതെങ്കിലും വിധത്തിലുള്ള തൊഴിലുള്ളവർ ഈ വേതനം ലഭിക്കുന്നതിന് അർഹരാണോ;

(സി) തൊഴിലില്ലായ്മവേതനം കൈപ്പറ്റുന്നവർക്ക് ഏതെങ്കിലും വിധത്തിലുള്ള തൊഴിലുണ്ടോയെന്നന്വേഷിക്കാറുണ്ടോ;

(ഡി) ഇപ്പോൾ തൊഴിലില്ലായ്മവേതനമായി എത്ര തുകയാണ് നൽകുന്നത്;

(ഇ) തൊഴിലില്ലായ്മവേതനം കൈപ്പറ്റുന്നവർക്ക് തൊഴിൽ നൽകുന്നതിനെ കുറിച്ച് പരിഗണിച്ചിട്ടുണ്ടോ;

(എഫ്) ഒരു മാസം തൊഴിലില്ലായ്മവേതനം നൽകുന്നതിന് എത്ര തുക വേണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അല്ല.

(സി) തൊഴിലില്ലായ്മവേതനം കൈപ്പറ്റുന്നവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ ലഭിച്ചാൽ ആ വിവരം ബന്ധപ്പെട്ട തദ്ദേശ ഭരണാധികാരികളെ അറിയിക്കാറുണ്ട്.

(ഡി) പ്രതിമാസം 120 രൂപ.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽ ഇല്ലാത്തവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള 'കെസ്റു' പദ്ധതി വിപുലീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) നിലവിലുള്ള 3,87,370 ഗുണഭോക്താക്കൾക്ക് പ്രതിമാസം 120 രൂപാക്രമത്തിൽ ഒരു മാസത്തേക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നതിന് 4,64,64,400 രൂപ വേണ്ടിവരും.

തൊഴിലാളികൾക്കുള്ള ആശ്വാസ നടപടികൾ

66 [3074] ശ്രീ. കെ. കെ. ജയചന്ദ്രൻ:
„ ടി. പി. രാമകൃഷ്ണൻ:
„ കെ. രാധാകൃഷ്ണൻ:
„ ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫ് സീസണിൽ വേതനം ഇല്ലാതെ കഴിയേണ്ടിവരുന്ന അസംഘടിത തൊഴിലാളികൾക്ക് എന്തെങ്കിലും സംരക്ഷണ പദ്ധതി നിലവിലുണ്ടോ;

(ബി) പരമ്പരാഗത–കാർഷിക നിർമ്മാണ മേഖലയിലെ തകർച്ചമൂലം അസംഘടിത തൊഴിലാളികൾ മോശമായ ജീവിത സാഹചര്യങ്ങൾ അഭിമുഖീകരിക്കുകയാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം അടിയന്തിര ആശ്വാസ നടപടികളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്കുള്ള സംരക്ഷണ പദ്ധതിയുടെ ഭാഗമായി കടകളിലേയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കും മോട്ടോർ വർക്ക്ഷോപ്പ് ജീവനക്കാർക്കും പ്രത്യേകം ക്ഷേമ പദ്ധതികൾ സജീവ പരിഗണനയിലാണ്. സ്വർണ്ണ തൊഴിലാളികൾ, കളിമൺപാത്ര വ്യവസായത്തിലെ തൊഴിലാളികൾ എന്നിവർക്കും ക്ഷേമപദ്ധതികൾ പരിഗണിച്ചു വരുന്നു. ഇതു കൂടാതെ വീട്ടുജോലിക്കു നിൽക്കുന്ന തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ കൂലി ഉറപ്പു വരുത്തുന്നതിനായി അവരെക്കൂടി മിനിമം വേജസ് നിയമത്തിലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിഗണനയിലുണ്ട്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള അസംഘടിത മേഖലാ തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതിയിലും അംഗങ്ങളായി ചേരുവാൻ കഴിയുന്നതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇതേവരെ ആരോഗ്യ പരിരക്ഷ ലഭ്യമായിരുന്നില്ല. അവരെക്കൂടി എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തി ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി അവർക്ക് ആരോഗ്യ സുരക്ഷാ കാർഡ് നൽകുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതികളല്ലാതെ ഓഫ് സീസണിൽ തൊഴിൽ കുറയുമ്പോൾ സാമ്പത്തിക സഹായം നൽകുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലില്ല.

(ബി) കാർഷിക വിളകളുടെ വിലക്കുറവും മണലിന്റെ ദൗർലഭ്യവും കാർഷിക നിർമ്മാണ മേഖലകളെ ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്:

1. കൂടുതൽ തൊഴിൽ മേഖലകളെ കുറഞ്ഞ വേതന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനും അതുവഴി ആ മേഖലയിലുള്ള തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുക.

2. തൊഴിലാളികൾക്ക് ആധുനിക ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള ഇ.എസ്.ഐ. സംവിധാനം മെച്ചപ്പെടുത്തുക.

3. ക്ഷേമനിധി ബോർഡുകൾ ഏകോപിപ്പിക്കുകയും ആനുകൂല്യ വിതരണം ത്വരിതപ്പെടുത്തുകയും ചെയ്യുക.

4. ഏകീകൃതവും ഏകോപിതവുമായ സാമൂഹ്യ സുരക്ഷാ പദ്ധതികളും തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ കാർഡും നൽകുക.

5. തൊഴിൽ നീതി നിർവ്വഹണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യമായ നിയമഭേദഗതികളും മറ്റും സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly